<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :1998</u> 07. 07. 2015 ൽ മറുപടിക്ക്

<u>കെ.എസ്. ഇ.ബി. ലിമിറ്റഡിലെ നിയമനം</u>

<u>ചോദ്യം</u>
ശ്രീമതി.പി. അയിഷാ പോറ്റി

<u>ഉത്തരം</u>
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ. എസ്. ഇ. ബി. ലിമിറ്റഡിൽ പി.എസ്.സി.യെ മറികടന്ന് സ്വന്തം നിലയിൽ നിയമനം നടത്താൻ നീക്കങ്ങൾ നടക്കുന്നുണ്ടോ; നിയമനങ്ങൾ പി.എസ്.സി മുഖാന്തരം നടത്താൻ നടപടികൾ സ്വീകരിക്കുമോ; | (എ) ഇല്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ നിയമനം പി.എസ്.സി. വഴിയാണ് നടത്തുന്നത്. |
| (ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാരിതര കമ്പനിയാക്കാൻ ശ്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ കേരള സർക്കാരിന്റെ നൂറുശതമാനം ഓഹരിയുടമസ്ഥതയുള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയായിട്ടാണ് പുനഃസംഘടിപ്പിച്ചിട്ടുള്ളത്. സർക്കാരിതര കമ്പനിയാക്കാൻ ആലോചനയില്ല. |
| (സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന പുതിയ കമ്പനി മൂന്ന് വിഭാഗങ്ങളാകുമെങ്കിലും ഒരു കുടക്കീഴിൽ സർക്കാർ കമ്പനിയായി നിലനിൽക്കുമെന്ന ഉറപ്പ് പാലിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൂന്നു വിഭാഗങ്ങളും (SBUs) ഒരേ കുടക്കീഴിൽ തന്നെ സർക്കാർ കമ്പനിയായി നിലനിർത്തുന്നതിനുള്ള വ്യവസ്ഥകളാണ് രണ്ടാം കൈമാറ്റ പദ്ധതിയിലുള്ളത്. |

സെക്ഷൻ ഓഫീസർ